"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - ശ്രീ. അരവിന്ദൻ മാണിക്കോത്ത് ഫയൽ ചെയ്ത WP(C)No.7738/2024 - ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.61/2024/I&PRD തീയതി,തിരുവനന്തപുരം, 19-07-2024

---

പരാമർശം:-

1. 01/02/2020 തീയതിയിലെ ഡി1/44/2019-ഐ&പിആർ നടപടിക്രമം
2. 19/02/2022 തീയതിയിലെ എഫ്2/3/2022/ഐ&പിആർ നമ്പർ നടപടിക്രമം
3. 6/12/2023 ലെ ഡി1/179/2023/ഐ&പിആർഡി നം. സർക്കാർ കത്ത്
4. ശ്രീ. അരവിന്ദൻ മാണിക്കോത്ത് ഫയൽ ചെയ്ത WP(C) No.7738/2024 ൽ ബഹു.ഹൈക്കോടതി 27/02/2024-ൽ പുറപ്പെടുവിച്ച വിധിന്യായം
5. 02/05/2024 തീയതിയിലെ സ.ഉ(സാധാ) നം.41/2024/ഐ&പി.ആർ.ഡി
6. CC(C) No,1711/2024 in WP(C) No.7738/2024

<u>ഉത്തരവ്</u>

പരസ്യം പ്രസിദ്ധീകരിച്ച വകയിൽ ലേറ്റസ്റ്റ് ദിനപത്രത്തിന് സർക്കാരിൽ നിന്ന് 25,07,470/- രൂപ ലഭിക്കാനുണ്ടെന്നും, ടി കുടിശ്ശിക അനുവദിച്ച് കിട്ടുന്നതിലേയ്ക്കായി അനുകൂല ഉത്തരവ് പുറപ്പെടുവിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് മാനേജിംഗ് എഡിറ്ററായ ശ്രീ. അരവിന്ദൻ മാണിക്കോത്ത് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.7738/2024 നമ്പർ റിട്ട് പെറ്റീഷനിൽ ബഹു. ഹൈക്കോടതി പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവായിട്ടുണ്ട്.

*".....Resultantly, I allow this Writ Petition and direct the 2nd respondent to hear the petitioner and issue an appropriate order on its claim qua Ext.P2, as expeditiously as is possible, but not later than one month from the date of receipt of a copy of this Judgment.*

*Needless to say, if through the afore exercise, the petitioner is found entitled to the amount in Ext.P2 , or portions thereof, then necessary action for disbursement of the same shall be completed within a period of four months thereafter......"*

ടി വിധിന്യായം പാലിക്കുന്നതിന്റെ ഭാഗമായി ഹർജിക്കാരനെ 20/03/2024 ൽ നേരിൽ കേട്ട് പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹു.ഹൈക്കോടതിയുടെ വിധിന്യായമനുസരിച്ച് ലേറ്റസ്റ്റ് പത്രത്തിന് കുടിശ്ശികയായിട്ടുള്ള തുക കണക്കാക്കി, ടി സ്ഥാപനത്തിന് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ട സമയപരിധി 19/07/2024 വരെയാണ്.

ഹർജിക്കാരൻ WP(C)No.7738/2024 നമ്പർ റിട്ട് പെറ്റീഷനിൽ Ext.P2 പ്രകാരം ലിസ്റ്റ് ചെയ്തിട്ടുള്ള ഈ വകുപ്പിലെയും F, G വകുപ്പുകളിലെയും കുടിശ്ശികകൾ ആ വകുപ്പുകളിൽനിന്ന് വിശദാംശം ലഭ്യമാക്കിക്കൊണ്ട് പരിശോധിക്കുകയുണ്ടായി. Ext.P2 വിൽ ക്ലെയിം ചെയ്തിട്ടുള്ള പല ബില്ലുകളും, 2024-25 സാമ്പത്തിക വർഷത്തിൽ പാസ്സാക്കി നൽകിയ പ്രദർശന പരസ്യങ്ങളുടെ തുകയായ 48,911/- രൂപ ഉൾപ്പെടെ, ലേറ്റസ്റ്റ് ദിനപത്രത്തിന് പേയ്മെന്റ് നല്കിയവയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഐ&പി.ആർ.ഡി മുഖേന 31/12/2023 വരെയുള്ള കാലയളവിലെ പരസ്യഇനത്തിൽ ലേറ്റസ്റ്റ് പത്രത്തിന് ഇനി നൽകാനുള്ള കുടിശ്ശിക 15,85,364/- രൂപ (പതിനഞ്ച് ലക്ഷത്തി എൺപത്തയ്യായിരത്തി മുന്നൂറ്റി അറുപത്തിനാല് രൂപ മാത്രം) ആണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ ബഹു. ഹൈക്കോടതിയുടെ വിധിന്യായപ്രകാരം കണക്കാക്കിയ ടി കുടിശ്ശികത്തുക ബന്ധപ്പെട്ട ശീർഷകത്തിലെ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് നിലവിലെ സീനിയോറിറ്റി പാലിച്ചുകൊണ്ട് ലേറ്റസ്റ്റ് ദിനപത്രത്തിന് കൊടുത്തുതീർക്കുന്നതാണ്. ഇപ്രകാരം ബഹു.ഹൈക്കോടതിയുടെ പരാമർശം (4) ലെ വിധിന്യായം പാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് ഹരികിഷോർ ഐ എ എസ്
സെക്രട്ടറി

ശ്രീ. അരവിന്ദൻ മാണിക്കോത്ത്, മാനേജിംഗ് എഡിറ്റർ, ലേറ്റസ്റ്റ് ദിനപത്രം, കാഞ്ഞങ്ങാട് സൗത്ത്, കാസർഗോഡ്

അഡ്വക്കേറ്റ് ജനറൽ,കേരള, എറണാകുളം (കവറിംഗ് ലെറ്റർ സഹിതം)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഐ&പിആർ വകുപ്പ് സെക്രട്ടറിയുടെ പി.എസ്സ്

ഐ&പിആർ വകുപ്പ് ഡയറക്ടറുടെ സി.എസ്സ്

ഐ&പിആർ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാർക്ക്

എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

പരസ്യ വിഭാഗം ഇൻഫർമേഷൻ ഓഫീസർ

എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും

പി.ആർഡി വെബ് സൈറ്റ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Nizam A M
Date: 19-07-2024 15:27:22